File No.DT/2859/2020-A3

**"ഭരണഭാഷ – മാതൃഭാഷ"**
**വ്യാവസായിക പരിശീലനവകുപ്പ്**
**(കേരളസംസ്ഥാനം)**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
(നിലവിൽ: അനിൽകുമാർ.സി.എസ്)

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് – ജീവനക്കാര്യം – – ലാസ്റ്റ് ഗ്രേഡ്/സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് എൽ.ഡി ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന 10% ഒഴിവുകളിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നത് – **കണ്ണൂർ ജില്ലയിലെ** അർഹതപ്പെട്ട ജീവനക്കാരന് **ക്ലാർക്ക് തസ്തികയിൽ** നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1)സർക്കാർ ഉത്തരവ് (പി) നമ്പർ 1/2014/ഉ.ഭ.പ.വ തീയതി 3.1.2014.
2)സർക്കാർ ഉത്തരവ് (പി) നമ്പർ 21/2014/ഉ.ഭ.പ.വ തീയതി 19.07.2014.
3)അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 24.02.2015-ലെ എ 3/5086/14-ാം നമ്പർ നടപടിക്രമം.
4)അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 28.07.2015-ലെ എ 3/5086/14-ാം നമ്പർ നടപടിക്രമം
5)അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 9.10.2015, 3.12.2015 എന്നീ തീയതികളിലെ എ 3/5086/14-ാം നമ്പർ നടപടിക്രമം

**ഉത്തരവ് നമ്പർ: DT/2859/2020-A3(1 )തീയതി: 08/10/2020**

എൽ.ഡി.ക്ലാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലേയ്ക്ക് ലാസ്റ്റ് ഗ്രേഡ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ നിയമനം നൽകുവാൻ പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതേ തുടർന്ന് പരാമർശം (2) പ്രകാരം സർക്കാർ പുറപ്പെടുവിച്ച സ്പഷ്ടീകരണ ഉത്തരവിൽ എൽ.ഡി ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലെ കേഡർ സ്ട്രെംഗ്ത് നിജപ്പെടുത്തുവാനും എൻടി കേഡറിലെ ജില്ലാതല സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുവാനും കേഡർ സ്ട്രെംഗ്തിന്റെ 10%-ൽ എത്തുന്നത് വരെ നിയമനം തുടരുന്നതിനും തുടർന്ന് 10%-ൽ ടി നിയമനങ്ങൾ നിജപ്പെടുത്തുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്.

പരാമർശം(3)-ലെ ഉത്തരവ് പ്രകാരം വകുപ്പിലെ എൽ .ഡി ക്ലാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളുടെ ജില്ലാതല കേഡർ സ്ട്രെംഗ്ത് നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (4) & (5) പ്രകാരം 10% തസ്തികമാറ്റത്തിന് അർഹരായ ലാസ്റ്റ് ഗ്രേഡ്/സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പരാമർശം (5) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ കണ്ണൂർ ജില്ലയിലെ ലിസ്റ്റിൽ ,ഉൾപ്പെട്ട ക്രമ നം (09)-നാണ് അവസാനമായി ക്ലാർക്ക് തസ്തികയിലേക്ക് ബൈ

ട്രാൻസ്ഫർ നിയമനം നൽകിയിട്ടുള്ളത് . ടി പ്രൊമോഷൻ നൽകിയ ശേഷം 9 ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്ത ശേഷം പത്താമത്തെ ഒഴിവിൽ കണ്ണൂർ ജില്ലയിലെ ടി സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ബൈ ട്രാൻസ്ഫർ നിയമനം നൽകേണ്ടതായിട്ടുണ്ട്. ടി സാഹചര്യത്തിൽ പരാമർശം (5) പ്രകാരമുള്ള കണ്ണൂർ ജില്ലയുടെ സീനിയോറിറ്റി ലിസ്റ്റിലെ സീനിയറായ ചാലക്കുടി (വ ) ഐ.ടി.ഐ ലെ ഡ്രസ്സർ ശ്രീമതി.സുബൈദ പി ക്രമ നം.(10 ) ന് 19000-43600 രൂപ ശമ്പള സ്കെയിലിൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് KS&SSR Rule 31 (a) (1) പ്രകാരം താൽക്കാലികമായി തസ്തികമാറ്റം നൽകി കണ്ണൂർ ജില്ലയിലെ താഴെപ്പറയുന്ന സ്ഥാപനത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം. | പേര്, തസ്തിക | നിലവിൽ സേവനത്തിലുള്ള സ്ഥാപനം | തസ്തികമാറ്റം നൽകി നിയമിയ്ക്കുന്ന സ്ഥാപനം |
|---|---|---|---|---|
| 1 | 10 | ശ്രീമതി.സുബൈദ പി, ഡ്രസ്സർ | ഐ.ടി.ഐ ചാലക്കുടി | ഐ.ടി.ഐ കണ്ണൂർ |

തസ്തികമാറ്റം ലഭിച്ച ഉദ്യോഗസ്ഥ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ബന്ധപ്പെട്ട സ്ഥാപന മേധാവി മുമ്പാകെ സേവനത്തിന് ഹാജരാകേണ്ടതാണ് . അല്ലാത്തപക്ഷം ടി നിയമനം റദ്ദായതായി കണക്കാക്കുന്നതാണ്. പുതിയ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ 03 വർഷ കാലയളവിൽ 2 വർഷം പ്രൊബേഷൻ കാലയളവായിരിക്കും. പ്രൊബേഷൻ കാലയളവ് തൃപ്തികരമായി പൂർത്തിയാക്കേണ്ടതും ടി കാലയളവിനുള്ളിൽ എം.ഒ.പി പരീക്ഷ വിജയിച്ചിരിക്കേണ്ടതുമാണ്.

ഒപ്പ്/-

**അഡ്മിനിസട്രേറ്റീവ് ഓഫീസർ**

**<u>സ്വീകർത്താവ്:</u>**

ശ്രീമതി.സുബൈദ പി, ഡ്രസ്സർ
ഐ.ടി.ഐ ചാലക്കുടി
**(സ്ഥാപന മേധാവി മുഖേന)**

പകർപ്പ്:-1. പ്രിൻസിപ്പാൾ
ഐ.ടി.ഐ ചാലക്കുടി /ഐ.ടി.ഐകണ്ണൂർ
2. എസ്.എഫ് (എ 3)

**//ഉത്തരവിൻ പ്രകാരം//**

**സീനിയർ സൂപ്രണ്ട്**